# ഭൗമിക ഭൂമിക

(കൊച്ചുകവിത)

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

മുമ്പേ നിരീക്ഷിക്കും പരീക്ഷണം,
പിമ്പേ പരീക്ഷിക്കും നിരീക്ഷണം.

ആദ്യജാതൻ ഭൗതികതയെന്നു കേൾവി,
രണ്ടാമൻ ഭൗതികേതര ആത്മസങ്കരം –
ഗൂഢസ്സമ്മർദ്ധ ഗാഢബിന്ദു മുറിഞ്ഞ്
നിശ്ശൂന്യം കറങ്ങും തമോഗർത്തം.
തെളിഞ്ഞ രാവിൽ കണ്ണെത്താദൂരത്തെ
കിങ്കിണിക്കിലുക്കമുതിരും വിശ്വവേദി:
കുപ്പിവളപ്പൊട്ടു പൊതിഞ്ഞ പഴന്തുണി
സ്ഫടിക ത്രിമാനദീർഘചതുരങ്ങളിൽ
ബഹുപ്രതിഫലന നിറക്കൂട്ടു തേമ്പി
ഒറ്റക്കണ്ണു ചിമ്മും മായാജാലമാനം.
പോരാ പോരായെന്ന പല്ലവിയിൽ
കണ്ണാടിച്ചില്ലു തെളിച്ച സൂര്യകാചം
നിഴൽച്ചുമരിൽ തൊങ്ങൽപ്പൊടി വിരിച്ചുവരച്ച
തലകീഴായ അവ്യക്ത പ്രാദേശിക പ്രദർശനം.

കഥാശേഷ വിശേഷമറിയാൻ
വെള്ളിത്തിരക്ഷണം കൈത്തട്ടി
ചലനനിഗൂഹന നിരാസത്തിൽ
കണ്ണുരുട്ടിപ്പോലും തിരിയാതെ –
അനന്തയിടനാഴികാ പ്രതിഷ്ഠാ-
ദ്ദൂരദർശക ദുർശകടത്തിലകലാൻ.

മുമ്പേ പരീക്ഷിക്കും നിരീക്ഷണം,
പിമ്പേ നിരീക്ഷിക്കും പരീക്ഷണം.
*******************************************************************************